(ബി) കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം, തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം എന്നിവയോട് ചേർന്നുള്ള സ്ഥലം അനുയോജ്യമാണെന്ന് കോസ്റ്റ് ഗാർഡ് കണ്ടെത്തിയിട്ടുണ്ട്.

(സി) പദ്ധതിക്കുവേണ്ട ധനസഹായം പൂർണ്ണമായും കേന്ദ്ര സർക്കാരാണ് വഹിക്കുന്നത്.

തുറമുഖ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ (മെക്കാനിക്കൽ) തസ്തികയിലേയ്ക്ക് പ്രൊമോഷൻ

139 (3649) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ (മെക്കാനിക്കൽ) തസ്തികയിലേക്ക് സെലക്ട് ലിസ്റ്റിലെ ആദ്യ രണ്ടുപേരെയും ഒഴിവാക്കി മൂന്നാമത്തെയാൾക്ക് പ്രൊമോഷൻ നൽകാൻ ഇടയായ സാഹചര്യം വിശദമാക്കാമോ;

(ബി) 19-8-2015-ലെ G.O.(Rt) No. 698/2015/F &PD ഉത്തരവിൽ അച്ചടക്ക നടപടി നിലവിലുള്ളതിനാൽ ആദ്യ രണ്ടുപേർക്ക് പ്രൊമോഷൻ നൽകിയില്ല എന്ന പരാമർശമുണ്ടോ; എങ്കിൽ ഇവർക്കെതിരായ അച്ചടക്ക നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; ആയതിന്റെ നടപടി ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) അച്ചടക്ക നടപടി നിലവിലിരിക്കെ ജീവനക്കാരെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്താറുണ്ടോ; വിശദമാക്കാമോ;

(ഡി) തുറമുഖ വകുപ്പിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (മെക്കാനിക്കൽ) മാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; ഇവ എന്ന് മുതലാണ് ഒഴിഞ്ഞു കിടക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഒഴിവുകൾ നികത്താൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) 29-11-2002-ൽ കൂടിയ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി (ലോവർ) യോഗം ആദ്യ രണ്ടുപേരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് തൃപ്തികരമല്ലാത്തതിനാൽ അവരെ സെലക്ട് ലിസ്റ്റിൽനിന്നും ഒഴിവാക്കാൻ തീരുമാനിച്ചു.

(ബി) ഉണ്ട്. 29-11-2002 - ൽ കൂടിയ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി (ലോവർ) യോഗം ആദ്യ രണ്ടുപേരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് തൃപ്തികരമല്ലാത്തതിനാൽ അവരെ സെലക്ട് ലിസ്റ്റിൽനിന്നും ഒഴിവാക്കുവാൻ GPM. 2/235/2020-28

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനിച്ചു. ഉത്തരവിൽ അച്ചടക്ക നടപടി നിലവിലുണ്ടെന്ന പരാമർശം നീക്കം ചെയ്യുന്നതിനാവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) അച്ചടക്ക നടപടി നേരിടുന്ന ഉദ്യോഗസ്ഥരെ സംബന്ധിച്ച് ഉദ്യോഗസ്ഥർക്ക് minor penalty നൽകുന്നതിനായാണ് അച്ചടക്ക നടപടി ആരംഭിച്ചിട്ടുള്ളതെങ്കിൽ അച്ചടക്കനടപടിയുടെ തീർപ്പിനു വിധേയമായി സെലക്ട് ലിസ്റ്റിൽ താൽക്കാലികമായി ഉൾപ്പെടുത്തുന്നതാണ്. എന്നാൽ major penalty യുടെ കാര്യത്തിൽ അച്ചടക്ക നടപടി നിലവിലിരിക്കുന്ന ജീവനക്കാരനെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തില്ല.

(ഡി) നിലവിൽ രണ്ട് ഒഴിവുകൾ ഉണ്ട്. ഒന്ന് ബേപ്പൂർ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിംഗിലും മറ്റൊന്ന് നീണ്ടകര മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിംഗിലുമാണ്. ബേപ്പൂർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഒഴിവ് 1-4-2001 മുതലും നീണ്ടകര അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഒഴിവ് 30-11-2012 മുതലും ഒഴിഞ്ഞുകിടക്കുകയാണ്. അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ നിന്നുമാണ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നടത്തേണ്ടത്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ ജീവനക്കാർ സീനിയോറിറ്റി സംബന്ധമായി ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ദീർഘകാലം കോടതിയിൽ ഇവരുടെ സീനിയോറിറ്റി സംബന്ധിച്ച് കേസ് നിലനിന്നതുകൊണ്ടുമാണ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് ഡി.പി.സി കൂടി പ്രൊമോഷൻ നൽകുവാൻ സാദ്ധ്യമാകാതെ വന്നത്. പ്രസ്തുത ഒഴിവുകളിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിനായി വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി കൂടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൊച്ചി ഇറമുഖത്തിന്റേയും വല്ലാർപാടം ട്രാൻസ്ഷിപ്പ്മെന്റ് കണ്ടെയ്നർ ടെർമിനലിന്റേയും വികസനം

140 (3650) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി ഇറമുഖത്തിന്റേയും വല്ലാർപാടം ട്രാൻസ്ഷിപ്പ്മെന്റ് കണ്ടെയ്നർ ടെർമിനലിന്റേയും പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ മുഖ്യമന്ത്രി ഉന്നതതല യോഗം വിളിച്ചിരുന്നുവോ;

(ബി) എങ്കിൽ പ്രസ്തുത യോഗത്തിലെ പ്രധാനപ്പെട്ട തീരുമാനങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) ഉന്നതതല യോഗത്തിലെ തീരുമാനങ്ങൾ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly